കൊയിലാണ്ടി മണ്ഡലത്തിലെ സഹകരണ വകുപ്പിന്റെ പദ്ധതികൾ

169 (536) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സഹകരണ വകുപ്പ് മുഖേന കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്ര ഏന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പ് മുഖേന കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികളിലായി ആശുപത്രി സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ എന്നീ സംഘങ്ങൾക്ക് സബ്സിഡി, ഷെയർ, ലോൺ, വർക്കിംഗ് ക്യാപ്പിറ്റൽ, ഗ്രാന്റ് എന്നീ ഇനങ്ങളിലായി 33,43,600 രൂപ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ	-	19,73,600
വനിതാ സഹകരണ സംഘങ്ങൾ	-	4,00,000
എസ്. സി./എസ്. റ്റി. സംഘങ്ങൾ	-	6,60,000
ഹൗസിംഗ് സഹകരണ സംഘങ്ങൾ	-	1,00,000
സർവ്വീസ് സഹകരണ സംഘങ്ങൾ	-	1,60,000
പലവക സഹകരണ സംഘം	-	50,000
ആകെ	-	33,43,600

സർവ്വീസ് സഹകരണ ബാങ്കുകളിലെ വായ്പാ ഇളവ്

170 (537) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത വ്യക്തികൾ മരിച്ചാൽ വായ്പ/പിഴപ്പലിശ, പലിശ എന്നിവയിൽ എന്തൊക്കെ ഇളവുകളാണ് ഇപ്പോൾ നൽകി വരുന്നത് ; വിശദമാക്കാമോ ;

(ബി) മാരക രോഗങ്ങൾ വന്ന് മരിച്ചവരുടെ വായ്പകൾക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കാറില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർവ്വീസ് സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാകാലാവധിയിലോ, വായ്പാകാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ,ബാക്കി നിൽക്കുന്ന ഒന്നര ലക്ഷംരൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാദ്ധ്യതയിൽനിന്ന് ടി അംഗങ്ങളെ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഒഴിവാക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ സംഘം പൊതുയോഗത്തിന്റെ അനുമതിയോടും രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതിത്തള്ളാവുന്നതാണ്. ഇതിലേക്കായി വായ്പ നൽകുന്ന സംഘം/ബാങ്ക് റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുകയും നൽകുന്ന ഓരോ വായ്പകളിൽനിന്നും 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്ക് വായ്പക്കാരനിൽനിന്ന് ഈടാക്കി പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് അടയ്ക്കേണ്ടതായിട്ടുണ്ട്. റിസ്ക് ഫണ്ട് പദ്ധതിയുടെ പരിധിയിൽ വരാത്ത വായ്പകളിൽ വായ്പക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത തീയതി മുതൽ ഒരു വർഷത്തിനകം അവകാശികൾ വായ്പക്കണക്ക് അവസാനിപ്പിക്കുകയാണെങ്കിൽ വായ്പക്കാരൻ മരിച്ച തീയതി മുതൽ വായ്പക്കണക്ക് അവസാനിപ്പിക്കുന്നതുവരെയുള്ള . പലിശയിളവ് നൽകുന്നതിന് സംഘങ്ങൾക്ക് അനുമതി നൽകി രജിസ്ട്രാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

വിലക്കയറ്റ നിയന്ത്രണം

171 (538) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് മുഖേന വിലക്കയറ്റം നിയന്ത്രിക്കാൻ വിപണി ഇടപെടലിന് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;